**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **03-03-2025 - ൽ മറുപടിയ്ക്ക്**

**ബോഡി ബിൽഡിംഗ് താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സായുധസേനാ വിഭാഗത്തിലെ ഇൻസ്പെക്ടർ തസ്തികയിലേക്ക് കായികതാരങ്ങളെ നേരിട്ട് നിയമിക്കരുതെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ 1 & 2 ആയി ചേർത്തിരിയ്ക്കുന്നു. |
| (ബി) | സംസ്ഥാനത്ത് സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹമായ കായികയിനമായി ബോഡിബിൽഡിംഗ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഏതെങ്കിലും പ്രത്യേക കായികയിനത്തെ അംഗീകരിച്ചുകൊണ്ട് ആഭ്യന്തര വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | അംഗീകാരം നൽകിയിട്ടില്ലയെങ്കിൽ ഏത് സാഹചര്യത്തിലാണ് ബോഡി ബിൽഡിംഗ് താരങ്ങൾക്ക് സായുധസേനയിൽ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകാൻ തീരുമാനിച്ചതെന്നും എത്രപേർക്കാണ് നിയമനം നൽകുന്നതെന്നും വിശദമാക്കുമോ; പ്രസ്തുത നിയമനങ്ങൾക്ക് കായിക ശേഷി പരീക്ഷ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കായികശേഷി പരീക്ഷ ഒഴിവാക്കിയിട്ടുള്ളത്; | (സി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർത്തിരിയ്ക്കുന്നു.കായികശേഷി പരീക്ഷ ഒഴിവാവിക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത തസ്തികയിലേക്ക് ഒളിമ്പ്യനും അർജ്ജുന അവാർഡ് ജേതാവുമായ കായിക താരത്തെ പരിഗണിക്കണമെന്ന് ഡി.ജി.പി. ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ; ഡി.ജി.പി.യുടെ ശിപാർശ അംഗീകരിക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ഇല്ല |
| (ഇ) | ബോഡി ബിൽഡിംഗ് താരങ്ങളെ പോലീസ് സേനയിൽ നിയമിക്കുവാൻ കഴിയില്ലെന്ന് പോലീസ് മേധാവി വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ

© Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV / വാല്യം 54 | Thiruvananthapuram, Wednesday / തിരുവനന്തപുരം, ബുധൻ | 18th November 2009 / 2009 നവംബർ 18 / 27th Karthika 1931 / 1931 കാർത്തികം 27 | No. / നമ്പർ 2125 |

## GOVERNMENT OF KERALA

### Home (A) Department

### NOTIFICATION

G. O. (P) No. 182/2009/Home. *Dated, Thiruvananthapuram, 18th November, 2009.*

**S. R. O. No. 961/2009.**—In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968) read with section 69 of the Kerala Police Act, 1960 (5 of 1961), the Government of Kerala hereby make the following Rules further to amend the Special Rules for the Kerala Police Service, issued in G.O. (Ms.) No. 246/Public (Rules) Department dated the 14th June, 1966 and published in Part I of the Kerala Gazette No. 26 dated the 28th June, 1966, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Special rules for the Kerala Police Service (Amendment) Rules, 2009.

(2) They shall come into force at once.



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM

2. *Amendment of the Rules.*—In the Special Rules for the Kerala Police Service, in sub-rule (a) of rule 2, under the heading "BRANCH-II-ARMED POLICE",—

(i) in the entries against category 2, in column (2) the words, figure and bracket,

"Or

(2) By direct recruitment from among eminent sportsmen" and the 'Note' thereunder shall be omitted.

(ii) in the Annexure referred to in rule 5, under Branch II the category "Armed Police Inspectors" and entries against it in columns (2) and (3) and the Notes thereunder shall be omitted.

By order of the Governor,

K. JAYAKUMAR,

*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G. O. (P) No. 4/84/Home dated 18th January, 1984, published as S. R. O. No. 68/84 in the Kerala Gazette Extraordinary No. 58 dated the 21st January, 1984, Government have issued amendments to the Special Rules for the Kerala Police Service issued under G. O. (Ms.) No. 246/Public (Rules) Department dated the 14th June, 1966, published in Part I of the Kerala Gazette No. 26 dated 28th June, 1966 for incorporating provisions for direct recruitment of Armed Police Inspectors to the Armed Police Battalion from among eminent sportsmen. Government have, now decided to omit the said provisions from the said Special Rules and to amend the Special Rules for the purpose.

The notification is intended to achieve the above object.



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സമാശ്വാസമായും ഉന്നതമായ കായികവിജയം നേടുന്നവർക്ക് പ്രോത്സാഹനമായും തൊഴിൽ നൽകുവാൻ മന്ത്രിസഭ തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

**G.O.(Ms)No. 71/2018/GAD** തീയതി,തിരുവനന്തപുരം, 23/03/2018

പരാമർശം:- സ.ഉ. (സാധാ)നം. 5315/2016/പൊഭവ തീയതി 16/08/2016

ഉത്തരവ്

വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സമാശ്വാസമായി തൊഴിൽ നൽകുക, ഉന്നതമായ കായികവിജയം നേടുന്നവർക്ക് പ്രോത്സാഹനമായി തൊഴിൽ നൽകുക തുടങ്ങി മന്ത്രിസഭ തൊഴിൽ നൽകുവാൻ തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗരേഖ താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

1. ഉന്നതമായ കായിക വിജയം നേടുന്നവർക്ക് പ്രോത്സാഹനമായി ജോലി നൽകുന്നതിന് മന്ത്രിസഭായോഗം തീരുമാനമെടുത്തുകഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിക്കുന്ന സർക്കാർ വകുപ്പിലോ പി.എസ്.സി വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ, സർവ്വകലാശാലകളിലോ ക്ലാസ് III ക്ലാസ് IV തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണ്.
2. ഉന്നതമായ കായികവിജയം എന്നതു കൊണ്ട് വിവക്ഷിക്കുന്നത് ദേശീയവും അന്തർദേശീയവുമായ മത്സരങ്ങളിൽ വിജയം നേടുന്നവർ എന്നാണ്.
3. പരക്കെ അംഗീകരിച്ചിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ് മത്സരങ്ങൾ തുടങ്ങിയ അന്താരാഷ്ട്ര മൽസരങ്ങളിൽ മെഡൽ ലഭിച്ചിട്ടുള്ളവർക്ക് ക്ലാസ് I തസ്തികയിൽ തൊഴിൽ നൽകാൻ ശുപാർശ ചെയ്യാവുന്നതാണ്. ഇപ്രകാരം അംഗീകരിക്കേണ്ട അന്താരാഷ്ട്രമത്സരങ്ങൾ സംബന്ധിച്ചുള്ള പട്ടിക വിശദമായ പരിശോധനയ്ക്ക് ശേഷം കായികയുവജനകാര്യ വകുപ്പ് തയ്യാറാക്കേണ്ടതും ആയത് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിനെ അറിയിക്കേണ്ടതുമാണ്.
4. വിവിധ ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് മന്ത്രിസഭാ യോഗം തീരുമാനമെടുത്തുകഴിഞ്ഞാൽ നിയമനം നൽകാൻ തീരുമാനിച്ചിരിക്കുന്ന സർക്കാർ വകുപ്പിലോ പി.എസ്.സി വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലോ ക്ലാസ് III, ക്ലാസ് IV, പാർട്ട് ടൈം കണ്ടിജന്റ് തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടാൻ വേണ്ടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതാണ്. അടിസ്ഥാന യോഗ്യതകളിൽ യാതൊരു ഇളവും അനുവദിക്കാൻ പാടുള്ളതല്ല.



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM

5. ഇപ്രകാരം ജോലി ലഭിച്ചവരുടെ പട്ടിക അതാത് വകുപ്പുകൾ തയ്യാറാക്കേണ്ടതാണ്. സമാഹൃതപട്ടിക പൊതുഭരണ(സി. ഇ- സെൽ) വകുപ്പ് സൂക്ഷിക്കേണ്ടതാണ്.

6. വിവിധ കേന്ദ്ര സേനാ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അർദ്ധ സൈനികർ/സൈനികർ ( മറ്റൊരു പദ്ധതിയിൽ കീഴിലും കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് കീഴിൽ സമാശ്വാസ തൊഴിൽ ലഭിക്കാൻ അർഹതയില്ലാത്ത വിഭാഗം) യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ , ജോലിക്കിടയിലോ മരണപ്പെടുകയോ മറ്റൊരു ജോലിയും ചെയ്യാൻ സാധിക്കാത്ത രീതിയിലുള്ള സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്നവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന കാര്യം സൈനികക്ഷേമ വകുപ്പ് പരിശോധിക്കേണ്ടതാണ്.

7. ദുരന്തങ്ങൾ ബാധിച്ചവർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് തീരുമാനിച്ച് കൊണ്ടുള്ള മന്ത്രിസഭാ യോഗ തീരുമാനം നടപ്പിലാക്കുവാൻ വേണ്ട നടപടികൾ പൊതുഭരണ (സി. ഇ- സെൽ) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

8. ഉന്നതമായ കായികവിജയം നേടുന്നവർക്ക് പ്രോത്സാഹനമായി തൊഴിൽ നൽകുവാൻ തീരുമാനിച്ചുകൊണ്ടുള്ള മന്ത്രിസഭായോഗതീരുമാനം നടപ്പിലാക്കുവാൻ വേണ്ട നടപടികൾ കായിക യുവജനകാര്യവകുപ്പിന്റെ ശുപാർശയോടുകൂടി പൊതുഭരണ (സർവ്വീസസ്. ഡി) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

9. പ്രഗൽഭരായ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി ഒരു നിശ്ചിത സംവരണം ഏർപ്പെടുത്തുന്ന കാര്യം കായിക യുവജനകാര്യ വകുപ്പ് പ്രത്യേകം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

10. ഇത്തരത്തിൽ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ മേൽപ്പറഞ്ഞ വകുപ്പുകളിൽ ലഭ്യമായാൽ ഉടൻ തന്നെ നിയമനം നൽകാൻ തീരുമാനിച്ച വ്യക്തിയുടെ (a) മേൽവിലാസം (b) പ്രായം (c) വിദ്യാഭ്യാസ യോഗ്യത (d) ദുരന്തത്തിന് വിധേയമായ ആളുമായുള്ള ബന്ധം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഉൾപ്പെടെ അടിയന്തിര റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാകളക്ടറിൽ നിന്നും ആവശ്യപ്പെടേണ്ടതാണ്. വിഷയത്തിന്റെ അടിയന്തിര സ്വാഭാവം കണക്കിലെടുത്ത് 10 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാകളക്ടർമാർ നേരിട്ട് അവരുടെ അർദ്ധ ഔദ്യോഗിക കത്തിലൂടെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയ്ക്ക് മറുപടി നൽകേണ്ടതാണ്. ഉന്നതമായ കായിക വിജയം നേടിയ വ്യക്തിയ്ക്ക് തൊഴിൽ നൽകുന്ന കാര്യത്തിൽ മേൽപ്പറഞ്ഞ വിശദാംശങ്ങളോടു കൂടി പ്രസ്തുത വ്യക്തിയുടെ കായിക നേട്ടങ്ങൾ വ്യക്തമാക്കുന്ന സാക്ഷ്യപത്രം ഉൾപ്പെടെയായിരിക്കണം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിക്കേണ്ടത്.

11. ദുരന്ത ബാധിതരുടെ ആശ്രിതർക്ക് സമാശ്വാസമായി തൊഴിൽ നൽകുന്നതിന് ഭാര്യ/ഭർത്താവ്/മകൻ/മകൾ എന്നിവരെ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതും അതിൽ ഒരാൾക്ക് മാത്രം തൊഴിൽ നൽകാൻ പരിഗണിക്കേണ്ടതുമാണ്. ആശ്രിതർ തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടെങ്കിൽ ദുരന്ത ബാധിതനായ വ്യക്തിയുടെ ഭാര്യ/ഭർത്താവിന്റെ ശുപാർശ അംഗീകരിക്കേണ്ടതും അതിലേയ്ക്കുള്ള സമ്മതപത്രം ഹാജരാക്കേണ്ടതുമാണ്. സമവായ നിർദ്ദേശത്തിന് ആശ്രിതർ തയ്യാറല്ലെങ്കിൽ ജില്ലാകളക്ടറുടെ ശുപാർശ അംഗീകരിക്കേണ്ടതുമാണ്.

12. ഇപ്രകാരം നിയമനം നൽകേണ്ടത് നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി അംഗീകരിച്ചിട്ടുള്ള ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകളിലേക്കായിരിക്കണം.

13. ഏത് തസ്തികയിലേക്കാണോ നിയമനം നൽകേണ്ടത് ആ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള എല്ലാ യോഗ്യതകളും ഉണ്ടായിരിക്കേണ്ടതും ഇതിൽ യാതൊരിളവും അനുവദിക്കാൻ പാടില്ലാത്തതുമാണ്.

14. നേരിട്ടുള്ള നിയമനത്തിന് പാലിക്കേണ്ട സ്വഭാവ പരിശോധനയും മറ്റ് നടപടിക്രമങ്ങളും



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM

ഇത്തരത്തിൽ നിയമനം നൽകുമ്പോഴും പാലിക്കേണ്ടതാണ്.

15. ജില്ലയിലെ വിവിധ വകുപ്പുകളിൽ ഏറ്റവും അടുത്ത് ഉണ്ടാകുന്നതും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ ഒഴിവിൽ ആശ്രിതർ/കായിക പ്രതിഭയ്ക്ക് നിയമനം നൽകാൻ വേണ്ട ശുപാർശ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട ജില്ലാകളക്ടറുടെ ചുമതലയായിരിക്കും. സർക്കാർ ജീവനക്കാരുടെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നിലവിൽ അനുവദിച്ചിട്ടുള്ള ഒഴിവുകളെ യാതൊരു വിധത്തിലും ബാധിക്കാത്ത തരത്തിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നൽകേണ്ടതാണ്.

16. നിയമനത്തിനായി ജില്ല തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ആശ്രിതന്/കായിക പ്രതിഭയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ തെരെഞ്ഞെടുക്കപ്പെട്ട ജില്ലയിൽ ഒഴിവില്ലെങ്കിൽ ഒഴിവുള്ള ജില്ലയിലേയ്ക്ക് രേഖാമൂലമുള്ള സമ്മതം വാങ്ങി നിയമനം നൽകാവുന്നതും സ്വന്തം ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ജില്ലാന്തര സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

17. ആശ്രിതന്/കായിക പ്രതിഭയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ നിയമനം ലഭിച്ചുകഴിഞ്ഞാൽ തുടർന്ന് അന്തർ ജില്ല സ്ഥലംമാറ്റം ഉൾപ്പെടെയുള്ള മറ്റ് സർവ്വീസ് കാര്യങ്ങൾക്ക് ആശ്രിതന് സർക്കാരിന്റെ ആശ്രിതനിയമന പദ്ധതിയിലുള്ള ഉത്തരവുകളും കായിക പ്രതിഭയ്ക്ക് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ബാധകമായിരിക്കുന്നതാണ്.

18. ഇത്തരത്തിൽ നിയമനം നൽകിയ നടപടി തെറ്റാണെന്ന് പിന്നീട് ബോദ്ധ്യം വരുകയാണെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദു ചെയ്യുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കും.

19. ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാലുടൻതന്നെ ബന്ധപ്പെട്ട ഫയൽ ഏത് വകുപ്പിലാണോ നിയമനം നൽകാൻ ഉദ്ദേശിക്കുന്നത് ആ വകുപ്പിന്റെ സെക്രട്ടറി ബന്ധപ്പെട്ട വകുപ്പ് മന്ത്രി മുഖേന മുഖ്യമന്ത്രിയുടെ അനുമതിയോടെ നിയമനം നൽകികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

20. മേൽ വിവരിച്ച നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിക്കുന്നതിനായി നാലാഴ്ചത്തെ സമയം അനുവദിക്കാവുന്നതാണ്.

21. എന്തെങ്കിലും തർക്കങ്ങളാലോ നടപടിക്രമങ്ങൾ ശരിയായി പാലിക്കാത്തതിനാലോ അനുവദിക്കപ്പെട്ട നാലാഴ്ച സമയത്തിനുള്ളിൽ നിയമനം നൽകാൻ സാധിക്കാത്ത പക്ഷം പ്രസ്തുത വിവരം വകുപ്പ് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട മന്ത്രി മുഖാന്തിരം മുഖ്യമന്ത്രിയെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**BISHWANATH SINHA IAS**
**PRINCIPAL SECRETARY**

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും
ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.,
ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം,



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കായിക യുവജനകാര്യ വകുപ്പ് - അന്താരാഷ്ട്ര ശരീര സൗന്ദര്യ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ .ചിത്തരേഷ് നടേശൻ, ശ്രീ.ഷിനു ചൊവ്വ എന്നീ കായിക താരങ്ങൾക്ക് അവരുടെ മികച്ച കായിക നേട്ടങ്ങളും കുടുംബപശ്ചാത്തലവും കണക്കിലെടുത്ത്, വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തികയിൽ നിയമനത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കായിക യുവജനകാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.2/2021/കാ.യു.വ** തീയതി,തിരുവനന്തപുരം, 16/02/2021

---

പരാമർശം:- 1) സ.ഉ(കൈ)നം.71/2018/പൊ.ഭ.വ തീയതി 23.03.2018

2) ശ്രീ.ചിത്തരേഷ് നടേശനും ശ്രീ.ഷിനു ചൊവ്വയും സമർപ്പിച്ച നിവേദനം

3) കായികയുവജനകാര്യ ഡയറക്ടറുടെ 01.06.2020-ലെ എ4-1526/20/DSYA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2019 നവംബറിൽ ദക്ഷിണ കൊറിയയിൽ വച്ച് നടന്ന 11-ാം അന്താരാഷ്ട്ര ബോഡി ബിൽഡിങ് ഫിസീക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മിസ്റ്റർ യൂണിവേഴ്സ് പട്ടം കരസ്ഥമാക്കിയ, ശ്രീ.ചിത്തരേഷ് നടേശൻ, ലോക പുരുഷ ശരീര സൗന്ദര്യ മത്സരങ്ങളിൽ തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയെ പ്രതിനിധീകരിച്ച ഏക മലയാളി താരവും, മെൻസ് ഫിസീക് വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യക്കാരനുമായ ശ്രീ.ഷിനു ചൊവ്വക്കും, ടിയാൻമാരുടെ അന്താരാഷ്ട്ര തലത്തിലുള്ള മികച്ച നേട്ടങ്ങളും, കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത് ടിയാൻമാരുടെ വിദ്യാഭ്യാസ യോഗ്യതക്ക് അനുസൃതമായ ഒരു തസ്തികയിൽ സർക്കാർ ജോലി നൽകണമെന്ന് പരാമർശം ( 2 ) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) ശ്രീ.ഷിനു ചൊവ്വ, ശ്രീ.ചിത്തരേഷ് നടേശൻ എന്നിവരുടെ അന്താരാഷ്ട്ര തലത്തിലുള്ള മികച്ച നേട്ടങ്ങളും ,കുടുംബ പശ്ചാത്തലവും കണക്കിലെടുത്തു സർക്കാരിൽ നിന്നും ജോലി ഉൾപ്പെടെയുള്ള സഹായം ലഭ്യമാക്കുന്നതിന് പരിഗണിക്കണമെന്ന് കായികയുവജനകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2019**ൽ കൊറിയയിൽ വച്ച് നടന്ന **11**-ാമത് അന്താരാഷ്ട്ര ബോഡി ബിൽഡിങ് ഫിസീക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മിസ്റ്റർ യൂണിവേഴ്സ് പട്ടം കരസ്ഥമാക്കിയിട്ടുള്ള ശ്രീ.ചിത്തരേഷ് നടേശനും, ലോക പുരുഷ ശരീര



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM

സൗന്ദര്യ മത്സരങ്ങളിൽ തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയെ പ്രതിനിധീകരിച്ച് മെൻസ് ഫിസീക്ക് വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യക്കാരനുമായ ശ്രീ.ഷിനു ചൊവ്വക്കും, ടിയാൻമാരുടെ അന്താരാഷ്ട്ര തലത്തിലുള്ള മികച്ച നേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത്, പരാമർശം (1) സർക്കാർ ഉത്തരവിലെ ക്രമ നം.3 പ്രകാരമുള്ള നേട്ടമായി പരിഗണിച്ച് ടിയാൻമാരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായുള്ള ക്ലാസ്-I തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഇതു സംബന്ധിച്ച തുടർ നടപടികൾ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

ബന്ധപ്പെട്ടവർക്ക്

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/(ആഡിറ്റ്)കേരള, തിരുവനന്തപുരം

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 4666, തീയതി 15.02.2021)

ധനകാര്യ വകുപ്പ് (വിദ്യാ-ബി) വകുപ്പ് (Computer No: 1608476

File No: EDN-B1/257/2020-FIN )

ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കായികയുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കായികയുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ-ക്ക്



Generated from eOffice by ANUPAMA G NAIR, ASO (A1) HOME, ASO (A1) HOME, HOME on 30/10/2023 09:35 AM